## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 23** **28.05.2019 - ൽ മറുപടിക്ക്.**

## റേഷൻ കാർഡിനായി ലഭിച്ച അപേക്ഷകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി**<br>**,, സി. കെ. ശശീന്ദ്രൻ**<br>**,, കെ.ജെ. മാക്സി :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡിനായി ലഭിച്ച പതിനഞ്ച് ലക്ഷത്തിലധികം അപേക്ഷകൾ തീർപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) റേഷൻകാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് സംസ്ഥാനം മുഴുവൻ, തയ്യാറാക്കിയ റേഷൻകാർഡുകൾ വിതരണം ചെയ്തു കഴിഞ്ഞു. ഉടമസ്ഥർ കൈപ്പറ്റാതെ അവശേഷിച്ച ഇരുപതിനായിരത്തിലധികം കാർഡുകൾ വേണ്ടത്ര അറിയിപ്പുകൾ നൽകിയ ശേഷം ആർ.സി.എം.എസ്.-ൽ നിന്നും നീക്കം ചെയ്തു വരുന്നു.<br>പുതിയ റേഷൻകാർഡ്, പേര് ചേർക്കൽ, പേരു കുറവ് ചെയ്യൽ, കാർഡ് ഒരു താലൂക്കിൽ നിന്നും മറ്റൊരു താലൂക്കിലേയ്ക്ക് മാറ്റൽ, തിരുത്തലുകൾ തുടങ്ങിയ ആവശ്യങ്ങൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുകയും ആയത് തീർപ്പാക്കി വിതരണം നടത്തി വരുകയും ചെയ്യുന്നു. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി സംസ്ഥാനമൊട്ടാകെ ഇതുവരെ ആകെ ലഭിച്ച 26.68 ലക്ഷം അപേക്ഷകളിൽ 78872 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിക്കുകയും 25.19 ലക്ഷം അപേക്ഷകളിൽ (97.29%) തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ 23.47 ലക്ഷം റേഷൻകാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ആകെ ലഭിച്ച അപേക്ഷകളിൽ 92% അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ച് വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിച്ച അപേക്ഷകളിൽ എത്രയും വേഗം തീർപ്പ് കൽപ്പിച്ച് വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം മുൻഗണനാ കാർഡുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടുള്ള തിനാൽ പുതിയ അപേക്ഷകരിൽ അർഹരാ യവർക്ക് മുൻഗണനാ കാർഡ് ലഭിക്കാൻ സാധ്യമാകാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ; | (ബി) യും (സി) യും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്. ആയതു പ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽ അനർഹർ കടന്നു കൂടിയിട്ടുണ്ടെന്ന് ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18.09.17 ലെ സ.ഉ (സാധാ)നം.320/17/ഭ.പൊ.വി.വ പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സംസ്ഥാനത്ത് ആകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കിയിട്ടുണ്ട്.<br><br>സ്വമേധയാ സറണ്ടർ ചെയ്തതിന് പുറമേ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻകാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നു വരുന്നു. തദ്ദേശ സ്വയം ഭരണം, മോട്ടോർ വാഹന വകുപ്പുകളുടെ ഡേറ്റായുമായി ആർ.സി.എം.എസ്. ഡേറ്റാ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്.<br><br>പരിശോധനയിൽ അർഹരായി കണ്ടെത്തിയ 3,71,952 കുടുംബങ്ങൾ ഉൾപ്പെട്ട പട്ടികയിൽ നിന്നും സീനിയോരിറ്റി അനുസരിച്ച് അനർഹരെ കണ്ടെത്തിയ ഒഴിവിലേക്ക് അർഹരെ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. നാളിതുവരെ 3,16,960 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡ് തല പരിശോധന നടത്തി, നിലവിലെ മുൻഗണനാ പട്ടികയിൽ ഇത്തരത്തിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങാത്ത 70,000 കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനും നടപടികൾ തുടർന്ന് വരുന്നു. കൂടാതെ വസ്തുതകൾ മറച്ചു വച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) നിലവിൽ മുൻഗണനാ കാർഡുള്ളവരിലെ അനർഹരെ കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | |

(ഡി) ഗോഡൗണുകളിൽ നിന്നും ഭക്ഷ്യധാന്യം കരിഞ്ചന്തയിലേക്ക് കടത്തുന്നുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിരുന്നോ;

(ഡി) ഗോഡൗണിൽ നിന്നും കരിഞ്ചന്തയിലേയ്ക്ക് ഭക്ഷ്യധാന്യം കടത്തുന്നതായുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ സർക്കാർ നിയോഗിച്ചിട്ടുള്ള സെക്രട്ടറിയേറ്റിലെ പരിശോധന സംഘം, വകുപ്പിലെ വിജിലൻസ് ഓഫീസർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ജില്ലാ സപ്ലൈ ആഫീസർമാർ, താലൂക്ക് സപ്ലൈ ആഫീസർമാർ എന്നിവർ കൃത്യമായ രീതിയിലുള്ള പരിശോധനകൾ നടത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ, നെയ്യാറ്റിൻകര താലൂക്കിലെ അമരവിള PDS ഡിപ്പോയിലും (അമരവിള, കിടാരക്കുഴി, വഴിമുക്ക് ഗോഡൗണുകൾ) വർക്കല താലൂക്കിലെ PDS ഗോഡൗണിലും (ചാത്തമ്പാറ, കല്ലമ്പലം ഗോഡൗണുകൾ), കോട്ടയം മേഖലയിൽ പത്തനംതിട്ട, ചങ്ങനാശ്ശേരി ഡിപ്പോയുടെ പരിധിയിലുള്ള NFSA ഗോഡൗണിലും, തൃശ്ശൂർ താലൂക്കിലെ ചിറ്റിശ്ശേരി ഗോഡൗണിലും തിരൂർ താലൂക്കിലെ PDS ഡിപ്പോയിലും, പാലക്കാട് താലൂക്കിൽ കൊടുന്തിരപ്പുള്ളി PDS ഡിപ്പോയിലും, സുൽത്താൻ ബത്തേരി ഡിപ്പോയിലും പരിശോധന നടത്തിയിട്ടുണ്ട്.

(ഇ) ഗോഡൗണിൽ നിന്ന് ഭക്ഷ്യധാന്യ ചോർച്ചയുണ്ടാകാതിരിക്കാനും വാതിൽപ്പടി വിതരണത്തിൽ കൃത്യമായ തൂക്കം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താനും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

(ഇ) വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായ സപ്ലൈകോയ്ക്കാണ് ഇന്റർമീഡിയറി ഗോഡൗണിന്റെ ചുമതല വഹിക്കുന്നത്. ഗോഡൗണിൽ നിന്നും ഭക്ഷ്യധാന്യചോർച്ച ഉണ്ടാകാതിരിക്കുവാൻ ഭക്ഷ്യധാന്യം എഫ്.സി.ഐയിൽ നിന്നും എൻ.എഫ്.എസ്.എ ഗോഡൗണിലേയ്ക്കും അവിടെ നിന്ന് റേഷൻകടകളിലേയ്ക്കും എത്തിച്ച് നൽകുന്ന ലോറികളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനും എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ വെബ് ക്യാമറയും സി.സി.ടി.വിയും ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വാതിൽപ്പടി വിതരണം നടത്തുമ്പോൾ റേഷൻ കടകളുടെ വാതിൽപ്പടിയിൽ കൃത്യമായി തൂക്കം ബോധ്യപ്പെടുത്തി നൽകണമെന്ന് പുതിയ ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ റേഷൻ കടകളിലും തൂക്കം ബോധ്യപ്പെടുത്തിയാണ് വാതിൽപ്പടി വിതരണം നടത്തിയത് എന്ന് താലൂക്ക് സപ്ലൈ ആഫീസർ / സിറ്റി റേഷനിംഗ് ഓഫീസർ സർട്ടിഫിക്കറ്റ് നൽകിയാൽ മാത്രമേ ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് ഇനത്തിലുള്ള തുക പാസാക്കി നൽകാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ